ഐ.ടി. ഉല്പന്ന കയറ്റുമതി

199(2401) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം കേരളത്തിന്റെ ഐ.ടി. ഉൽപ്പന്ന കയറ്റുമതി എത്ര കോടി രൂപയായിരുന്നു; ആയത് 2015-16 നടപ്പുവർഷം എത്ര കണ്ട് വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; ആയതുമായി ബന്ധപ്പെട്ട് 2015 ഒക്ടോബർ 31 വരെ എത്ര കോടി രൂപയുടെ ഐ.ടി. ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു; ഇതുമായി ബന്ധപ്പെട്ട് നടപ്പുവർഷം നാളിതുവരെ എത്ര കോടി രൂപ ഐ. ടി. വകുപ്പ് നികുതിയിനത്തിൽ നൽകി; വിശദമാക്കുമോ;

(ബി) 2014-15 സാമ്പത്തിക വർഷം ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിൽ സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് എത്ര കോടി രൂപയായിരുന്നു; ആയത് 2015-16 നടപ്പുവർഷം ഒക്ടോബർ 31 വരെ എത്ര കോടി രൂപയാണ്; ഇതിലൂടെ എത്ര ഐ.ടി. പ്രൊഫഷണലുകൾക്ക് തൊഴിൽ ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ എത്ര ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇതിലൂടെ എത്ര പേർ നേരിട്ടും അല്ലാതെയും തൊഴിലെടുക്കുന്നു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഐ.ടി വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന ആധാർ ഫയലിംഗ് ഇപ്പോൾ കൈക്കലാക്കിയിരിക്കുന്ന ഏജൻസികൾ ഏതെല്ലാം; ഇതിനായി ഉപയോഗിച്ചിട്ടുള്ള സോഫ്റ്റ്വെയർ ആരുടേതാണ്; സർക്കാർ അധീനതയിലുള്ള സ്ഥാപനത്തിന്റേതാണോ; സ്വകാര്യ സ്ഥാപനത്തിന്റേതാണോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി പാർക്കുകളിൽനിന്നും 2014-15 സാമ്പത്തിക വർഷം ഏകദേശം 8250.28 കോടി രൂപയുടെ ഐ.ടി. ഉൽപ്പന്ന കയറ്റുമതി നടന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള STPI യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽ (STP & Non-STP) നിന്നും 2014-15 സാമ്പത്തിക വർഷം ഏകദേശം 2867.77 കോടി രൂപയുടെ ഐ.ടി. ഉൽപ്പന്ന കയറ്റുമതി നടന്നു. 2015 ഒക്ടോബർ 31 വരെയുള്ള ഐ.ടി. ഉല്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ നിലവിൽ ലഭ്യമല്ല. SEZ-ൽ നിന്നുമോ അല്ലാതെയോ ഉള്ള സോഫ്റ്റ് വെയർ കയറ്റുമതിക്ക് നികുതി ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 സാമ്പത്തിക വർഷം ഐ.ടി, ഐ.ടി. അനുബന്ധ മേഖലകളിൽ സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് 7.84 കോടി രൂപയാണ്. ടി കമ്പനികളുടെ 2015 ഒക്ടോബർ 31 വരെയുള്ള വിറ്റു വരവ് 4.61 കോടി രൂപയാണ്. ഇതിലൂടെ 209 പേർക്ക് തൊഴിൽ ലഭിച്ചു.

(സി) സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി പാർക്കുകളിൽനിന്നും ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ടെക്നോപാർക്കിൽ വിവിധ പദ്ധതികളിലെ കമ്പനികളുടെ എണ്ണം 349-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം ഏകദേശം 49165-ഉം ആണ്. കൊല്ലം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 9-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 126-ഉം ആണ്.

കൊച്ചി ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 181-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 24350-ഉം ആണ്. തൃശ്ശൂർ ജില്ലയിലെ ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 29-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 600-ഉം ആണ്. ആലപ്പുഴ ജില്ലയിലെ ചേർത്തല ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 26-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 460-ഉം ആണ്. കോഴിക്കോട് സൈബർ പാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 4-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 100-ഉം ആണ്. തിരുവനന്തപുരം സ്റ്റാർട്ട് അപ് മിഷനു കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 41-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 209-ഉം ആണ്. നേരിട്ടുള്ള തൊഴിലവസരങ്ങളുടെ മൂന്നു മുതൽ നാലിരട്ടി വരെയാണ് നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങൾ എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ഡി) അക്ഷയ, കെൽട്രോൺ, ഐ.ടി@സ്കൂൾ എന്നീ ഏജൻസികളെയാണ് സംസ്ഥാന സർക്കാർ ആധാർ രജിസ്ട്രേഷനു വേണ്ടി നിയോഗിച്ചിട്ടുള്ളത്. ആധാറുമായി ബന്ധപ്പെട്ട വിവര ശേഖരണം നടത്തുന്നതിന് അഖിലേന്ത്യാ തലത്തിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള UIDAI വികസിപ്പിച്ച സോഫ്റ്റ്വെയർ ആണ് ഉപയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly